# നാടിന്നു കാടാണ്!

കവിത — തമ്പി ആന്റണി, കാലിഫോണിയാ.

കടലിലെ ഓളങ്ങൾ
കറുപ്പിച്ചതാരാണ്?
കടലല്ല, കടലിൻ
മുകളിലെ
മുകിലിന്റെ നിഴലാണ്.
കരയിലെ കുയിലിനെ
കരയിച്ചതാരാണ്?
കരയല്ല മരമല്ല
മരങ്ങളെ മറിക്കുന്ന
കാറ്റാണ് കാടാണ്
കത്തുന്ന തീയാണ്.
കായലിൽ കൊക്കിനെ
കുളിപ്പിച്ചതാരാണ്?
കായലിൻ ജലമല്ല
ജലത്തിൽ ലയിക്കുന്ന
മുങ്ങുന്ന പൊങ്ങുന്ന മീനാണ്.
മലയിലെ മാനിനെ
മോഹിച്ചതാരാണ്?
മലയല്ല മലയിലെ
മരതകപ്പച്ചപ്പുതപ്പാണ്.
മാനത്തെ പറവയെ
പറപ്പിച്ചതാരാണ്?
മാനത്തു മറയുന്ന
മേഘങ്ങളല്ല.
വിതയ്ക്കാത്ത കൊയ്യാത്ത
സ്വപ്നങ്ങളാണ്.
മണ്ണിന്റെ മക്കളെ
സ്നേഹിച്ചതാരാണ്?
മണ്ണല്ല മതമല്ല
മനുഷ്യന്റെ മണമുള്ള
മണ്ണു ചുമക്കുന്ന
പൂമരം പൂക്കുന്ന
കാടാണ് നാടാണ്
നാടിന്നു കാടാണ്!
കാടിന്നു നാടാണ്!